## അനുമോദനം

### ലഫ്റ്റനന്റ് കമാൻഡർ അഭിലാഷ് ടോമിക്ക് അഭിനന്ദനം

മി. സ്പീക്കർ: യാത്രയ്ക്കിടെ ഒരിക്കൽപോലും തീരം തൊടാതെ പായ് വഞ്ചിയിൽ ഒറ്റയ്ക്ക് ലോകം ചുറ്റിവന്ന ലഫ്റ്റനന്റ് കമാൻഡർ അഭിലാഷ് ടോമിനെ നിയമസഭ അഭിനന്ദിക്കുന്നു. കടലിൽ 150 ദിവസം നിറുത്താതെ, ഒറ്റയ്ക്ക്, സഹായികളില്ലാതെ മഹാസമുദ്രങ്ങളെ താണ്ടുകയെന്ന അവിസ്മരണീയമായ നേട്ടമാണ് മലയാളിയായ അദ്ദേഹം കൈവരിച്ചത്. ഈ നിശ്ചയദാർഢ്യവും ധൈര്യവും യുവാക്കൾക്ക് പ്രചോദനമാകേണ്ടതാണ്. കഴിഞ്ഞ കേരളപ്പിറവിദിനത്തിൽ പുറപ്പെട്ട ഐ.എൻ.എസ്.വി മാദേയി എന്ന പായ്വഞ്ചി ഏപ്രിൽ 6-നാണ് ഗേറ്റ്‌വേ ഓഫ് ഇന്ത്യയിൽ തിരിച്ചെത്തിയത്. അവിടെ അദ്ദേഹത്തെ സ്വീകരിക്കാൻ രാഷ്ട്രപതി ശ്രീ. പ്രണബ് മുഖർജി തന്നെ എത്തിയെന്നത് ഈ നേട്ടത്തിന്റെ പെരുമ വർദ്ധിപ്പിക്കുന്നു. രാഷ്ട്രപതി പറഞ്ഞു, "രാഷ്ട്രത്തിനുവേണ്ടിയും ഇന്ത്യൻ ജനതയ്ക്കുവേണ്ടിയും അഭിലാഷ് ടോമിയെ അഭിനന്ദിക്കാനാണ് ഞാൻ എത്തിയിരിക്കുന്നത്. അഭിലാഷിന്റെയും അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന നാവിക സേന യുടെയും നിശ്ചയദാർഢ്യവും ധൈര്യവും ഉയർത്തിക്കാട്ടുന്നതാണ് ഈ നേട്ടം". ഭൂമധ്യരേഖ രണ്ടുതവണ കടന്ന് മൂന്ന് മുനമ്പുകളും ചുറ്റിയാണ് മുപ്പത്തിനാലുകാരനായ ശ്രീ. അഭിലാഷ് ടോമി ഈ അഭിമാന വിജയം നേടുന്നത്. സാഹസിക ലക്ഷ്യങ്ങൾ കീഴടക്കാനുള്ള യുവാക്കളുടെ ആവേശത്തിന് ശ്രീ. അഭിലാഷ് ടോമി എന്നും പ്രചോദനമായിരിക്കും. ഈ സഭയുടെ ഹൃദയംഗമമായ അഭിനന്ദനം അദ്ദേഹത്തെ അറിയിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, അഭിലാഷ് ടോമിയെ അഭിനന്ദിച്ചുകൊണ്ട് അങ്ങിവിടെ നടത്തിയ പരാമർശങ്ങളെയെല്ലാം ഞാൻ പൂർണ്ണമായി അംഗീകരിക്കുകയാണ്. മലയാളിയായ അദ്ദേഹം നേടിയ ഈ നേട്ടം മലയാളികൾക്കുമാത്രമല്ല ഇന്ത്യയിലെ 133 കോടി ജനങ്ങൾക്കും അഭിമാനിക്കാൻ വക നൽകുന്ന ഒന്നാണ്. ഇന്ത്യയിൽ ആദ്യമായി, ഏഷ്യയിൽ രണ്ടാമതായി കൈവരിച്ചിട്ടുള്ള നേട്ടമാണ്. അസാധാരണമായ ധൈര്യവും സമാനതകളില്ലാത്ത നിശ്ചയദാർഢ്യവുമാണ് ശ്രീ. അഭിലാഷ് ടോമിയുടെ വിജയത്തിനുപിന്നിലെ ഏറ്റവും വലിയ ഘടകം. സാഗർ പരിക്രമൺ എന്ന പദ്ധതി ശ്രീ. പ്രണബ് മുഖർജി പ്രതിരോധമന്ത്രിയായിരുന്ന സമയത്ത് അംഗീകാരം നൽകിയതാണ്. ഇന്ന് അദ്ദേഹം രാഷ്ട്രപതിയായി ശ്രീ. അഭിലാഷ് ടോമിയെ സ്വീകരിക്കാൻ എത്തി. രാജ്യത്തിന്റെ പ്രഥമ പൗരനും നേവിയുടെ ചീഫും കൂടിയാണ് ശ്രീ. അഭിലാഷ് ടോമിയെ സ്വീകരിച്ചത്. നേവിയിലെ ഒരു ഉദ്യോഗസ്ഥന് സന്തോഷിക്കാൻ ഇതിൽകൂടുതലായി മറ്റൊന്നുണ്ടോ? നമ്മളെല്ലാം ഇക്കാര്യത്തിൽ അഭിമാനിക്കുന്നു. ശ്രീ. അഭിലാഷ് ടോമിക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി.എസ്. അച്ചുതാനന്ദൻ</u>): സർ, ഒരു പായ്ക്കപ്പലിൽ ലഫ്റ്റനന്റ് കമാൻഡർ അഭിലാഷ് ടോമി ലോകം ചുറ്റിയെന്നതും പ്രസിഡന്റിന്റെ അഭിനന്ദനത്തിന് വിധേയമായി എന്നതും ഏറ്റവും സാഹസികവും അത്ഭുതകരവുമായ പ്രവൃത്തിയാണ്. അതിനെ ഞാൻ ഹാർദ്ദവമായി അനുമോദിക്കുകയാണ്. ഒരു കരയ്ക്കും ഒരു തുറമുഖത്തും അടുക്കാതെ 150 ദിവസം സാഹസികമായ പ്രവർത്തനത്തിലേർപ്പെട്ട്

ഇന്ത്യയ്ക്കും കേരളീയർക്കുമാകെ അഭിമാനത്തിന് വക നൽകിയ ശ്രീ. അഭിലാഷ് ടോമിയെ ഞാൻ ഒരിക്കൽകൂടി അഭിനന്ദിക്കുന്നു.

ശ്രീ. തോമസ് ചാണ്ടി: സർ,

മി. സ്പീക്കർ: ഒരു വാചകം പറയാവുന്നതാണ്.

ശ്രീ. തോമസ് ചാണ്ടി: ശ്രീ. അഭിലാഷ് ടോമിക്ക് ജന്മനാട്ടിൽ ചുണ്ടൻവള്ളങ്ങളുടെ അകമ്പടിയോടെ ഒരു വമ്പിച്ച സ്വീകരണം ഒരുക്കുന്നു. ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും അതിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.